(ഇ) 2002-2003 87,17,26,055 രൂപ

2003-2004 83,72,55,478 രൂപ.

നിർത്തലാക്കിയ പ്രൈമറി ഹെൽത്ത് സെന്ററുകൾ

125 [1702] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിനുകീഴിലുള്ള വിവിധ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകാതെ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ നിർത്താലാക്കി; അവ എതെല്ലാമാണ്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ആരോഗ്യവകുപ്പിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സർക്കാർ സർവീസിൽ നിയമനം ലഭിക്കുന്ന ഡോക്ടർമാർ അതുപേക്ഷിച്ചശേഷം സ്വകാര്യ ആശുപത്രികളിൽ ജോലിക്ക് പ്രവേശിക്കാറുണ്ടോ; എങ്കിൽ ഇത്തരം പ്രവണതയെ നിരുത്സാഹപ്പെടുത്താൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

(എ) പ്രൈമറി ഹെൽത്ത് സെന്ററുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല.

(ബി) ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ ജില്ലതിരിച്ചുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു:

ജില്ല	ഡോക്ടർമാരുടെ എണ്ണം
തിരുവനന്തപുരം	13
കൊല്ലം	10
പത്തനംതിട്ട	27
ആലപ്പുഴ	30
കോട്ടയം	33
ഇടുക്കി	29
എറണാകുളം	25
തൃശ്ശൂർ	31
പാലക്കാട്	48
മലപ്പുറം	23
കോഴിക്കോട്	18
വയനാട്	14
കണ്ണൂർ	37
കാസർഗോഡ്	42
ആകെ	380

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ സർവീസിൽ നിയമനം ലഭിക്കുന്ന ഡോക്ടർമാർ മെച്ചപ്പെട്ട തൊഴിൽ സാദ്ധ്യത തേടി ലീവ് എടുത്തുപോകാറുണ്ട്. ഇത് നിരുത്സാഹപ്പെടുത്തുന്നതിനുള്ള നടപടിയായി ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജി.ഒ. (ആർ.റ്റി.) 2190/03/ആകുവ. തീയതി 22-7-03 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് ഡോക്ടർമാർക്ക് ശൂന്യവേതനാവധി നൽകി വരുന്നത്.

(1) ശൂന്യവേതനാവധി 20 വർഷം നൽകുന്നതിൽനിന്നും 10 വർഷമായി കുറച്ചിട്ടുണ്ട്.

(2) ദൗർലഭ്യം നേരിടുന്ന വിഭാഗത്തിന്റെ ലിസ്റ്റ് മെഡിക്കൽ ആഫീസർമാർക്ക് ശൂന്യവേതനാവധി അനുവദിക്കുന്നില്ല.

(3) 3 വർഷം കാലാവധി സർക്കാർ സർവീസിൽ പൂർത്തിയാക്കിയ മറ്റ് വിഭാഗം മെഡിക്കൽ ഓഫീസർമാർക്ക് മാത്രമേ അനുബന്ധം XII A, അനുബന്ധം XII C കെ.എസ്.ആർ. പ്രകാരം ശൂന്യവേതനാവധി നൽകുകയുള്ളൂ.

(4) കെ.എസ്.ആർ. റൂൾ 91 എ പ്രകാരം ശൂന്യവേതനാവധി എടുത്ത് പഠിക്കാൻ പോവുന്ന മെഡിക്കൽ ആഫീസർമാർ ഒരു ബോണ്ട് സമർപ്പിക്കേണ്ടതുണ്ട്. പഠന ശേഷം മിനിമം 5 വർഷം സർക്കാരിനെ സേവിക്കാം എന്ന് ഉറപ്പ് നൽകേണ്ടതാണ്.

(5) 5 വർഷത്തെ ലീവ് അനുവദിക്കുന്ന മെഡിക്കൽ ഓഫീസർമാർക്ക് (ദൗർലഭ്യം നേരിടാത്ത വിഭാഗം) അവരവർ വഹിക്കുന്ന തസ്തിക അനുസരിച്ച് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

ദൗർലഭ്യം നേരിടാത്ത വിഭാഗം

അസിസ്റ്റന്റ് സർജൻ/സിവിൽ സർജൻ (രാജ്യത്തിന് പുറത്തും അകത്തും ജോലി സ്വീകരിക്കുന്നതിന് 25,000 രൂപയുടെ ഫീസ് അടയ്ക്കണം)

താഴെപറയുന്ന വിഭാഗത്തെ ദൗർലഭ്യം നേരിടുന്ന വിഭാഗമായി പ്രഖ്യാപിച്ചിരിക്കുന്നു.

(1) അനസ്തേഷ്യോളജിസ്റ്റ്
(2) ഫിസിഷ്യൻ
(3) ജനറൽ സർജറി
(4) ഗൈനക്കോളജി
(5) കാർഡിയോളജി
(6) സൈക്യാട്രി

LIBRARY ARCHIVES Kerala Legislative Assembly